**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.1242 — 12.7.2011 -ൽ മറുപടിക്ക്

**എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സഹായം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.എ.മാധവൻ: | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
| (എ) കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായങ്ങളും പുനരധിവാസവും ഏകോപിപ്പിക്കുവാനുള്ള ചുമതല ആർക്കാണെന്ന് അറിയിക്കുമോ; | (എ) കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായങ്ങളും പുനരധിവാസവും ഏകോപിപ്പിക്കുവാനുള്ള ചുമതല കാസർഗോഡ് ജില്ലാ കളക്ടർക്കാണ്. |
| (ബി)എൻഡോസൾഫാൻ നിരോധനവുമായി ബന്ധപ്പെട്ട ഇനീവയിൽ നടന്ന അന്താരാഷ്ട്രയോഗത്തിൽ കേരള സർക്കാരിന്റെ അനുമതിയോടെ ആരെല്ലാം പങ്കെടുത്തുവെന്ന് അറിയിക്കുമോ; | (ബി) കേരള സർക്കാരിന്റെ അനുമതിയോടെ എൻഡോസൾഫാൻ പുനരധിവാസ പദ്ധതിയുടെ അസിസ്റ്റന്റ് നോഡൽ ആഫീസറായ ഡോ.മുഹമ്മദ് അഷീൽ സ്വതന്ത്ര നിരീക്ഷകനായി പങ്കെടുത്തിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിൽ എൻഡോസൾഫാനെക്കുറിച്ച് നടന്ന 200 ഓളം പഠനങ്ങൾ ക്രോഡീകരിച്ചു ഡോ.മുഹമ്മദ് അഷീൽ ഉണ്ടാക്കിയ റിവ്യൂ ഡോക്യുമെന്റ് മുൻ നിർത്തി ഇന്റർനാഷണൽ പെസ്റ്റിസൈഡ് എലിമിഷേനൻ നെറ്റ്‌വർക്കിന്റെ ശുപാർശയെ തുടർന്ന് സ്റ്റോക്ക് ഹോം കൺവെൻഷൻ സംഘാടകരായ യു.എൻ.ഇ.പി.-യുടെ ക്ഷണിതാവായാണ് ഇദ്ദേഹം കൺവെൻഷനിൽ പങ്കെടുത്തത്. |
| (സി) സർക്കാർ പ്രതിനിധിയായി ആരെല്ലാം പങ്കെടുത്തു; | (സി)സർക്കാർ പ്രതിനിധിയായി ആരും പങ്കെടുത്തില്ല. |
| (ഡി) ഇതിനായി സർക്കാർ എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നല്കാമോ? | (ഡി) ഡോ.മുഹമ്മദ് അഷീലിന് യാത്രാനുമതി നൽകിയ സർക്കാർ ഉത്തരവിൽ യാത്രാബത്തയും മറ്റു ചെലവുകളും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഹിക്കുമെന്നു പറഞ്ഞിരുന്നു. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥൻ ആ ഇനത്തിൽ തുകയൊന്നും ഇതേവരെ കൈപ്പറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ